മുന്നോടിയായി പ്രാഥമിക പ്രോജക്ട് രൂപരേഖ തയ്യാറാക്കുന്നതിന് 42 നഗര സഭകൾക്ക് ആവശ്യമായ സാങ്കേതിക സഹായവും ആർ.പി.എം.സി.കൾ ലഭ്യമാക്കി യിട്ടുണ്ട്. ഇനിയുള്ള പദ്ധതി കാലയളവിൽ വിവിധ മേഖലകളിലായി 89-ാളം പരിശീലന പരിപാടികളും 13 എക്സ്പോഷർ വിസിറ്റുകളും 24 വർക്ഷോപ്പുകളും സിസിബിപി പദ്ധതിയിൻകീഴിൽ ഏറ്റെടുത്ത് നടപ്പിലാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുവരുന്നു.

നഗരങ്ങളിലെ മാലിന്യ സംസ്കരണ കമ്പനി

87 (2720) ശ്രീ. എ. റ്റി. ജോർജ് :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. പാലോട് രവി :
ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നഗരങ്ങളിൽ മാലിന്യ സംസ്കരണ കമ്പനി രൂപീകരിക്കുവാൻ ഉദ്ദേശിക്കു ന്നുണ്ടോ ; വിശദമാക്കുമോ ;

(ബി) കമ്പനിയുടെ ഷെയറുകൾ സംബന്ധിച്ച വിശദാംശങ്ങൾ നൽകാമോ ;

(സി) കമ്പനിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ ;

(ഡി) ഏതെല്ലാം സ്ഥാപനങ്ങൾക്കാണ് കമ്പനിയുടെ സേവനം ഉപയോഗപ്പെ ടുത്താനാവുന്നതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ക്ലീൻ കേരള കമ്പനി എന്ന പേരിൽ കമ്പനി രൂപീകരിച്ചിട്ടുണ്ട്.

(ബി) 2-11-2012-ലെ സ.ഉ. 282/2012/തസ്വഭവ. തീയതി പ്രകാരം സർക്കാരിന്റെ മൂലധന പങ്കാളിത്തം 26 ശതമാനമാണ്. (ഒരു ഷെയറിന്റെ മുഖവില 1000 (ആയിരം) രൂപയാണ്). ആയതിലേക്കായി നാളിതുവരെ സർക്കാർ 499 ഷെയറിന്റെ വിലയായ 4,99,000 രൂപ നൽകുകയുണ്ടായി. നഗരസഭകളിൽനിന്നും 85,515 ഷെയറിന്റെ വിലയായ 8,55,15,000 രൂപയും സ്വകാര്യ വ്യക്തികളിൽനിന്നും 2 (രണ്ട്) ഷെയറിന്റെ വിലയായ 2000 രൂപയും ലഭിച്ചിട്ടുണ്ട്. കമ്പനിയുടെ മൊത്തം ഓഹരി മൂലധനം 8,60,16,000 രൂപയാണ്.

LIBRARY ARCHIVES Kerala.Legislative Assembly

(സി) ക്ലീൻ കേരള കമ്പനി പ്രധാനമായും മാലിന്യ സംസ്കരണ മേഖലകളിലെ മുഖ്യപ്രശ്നമായിട്ടുള്ള നാല് മേഖലകളിലാണ് നിലവിൽ പ്രവർത്തനം നടത്തുന്നത്. സർക്കാരിനും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും പൊതുജനങ്ങൾക്കുംകൂടി സഹായകരമായരീതിയിൽ മാലിന്യ സംസ്കരണം നടത്തുവാനാണ് കമ്പനിയുടെ ലക്ഷ്യം.

1. പ്ലാസ്റ്റിക് മാലിന്യങ്ങളുടെ സംസ്കരണം.
2. ഇലക്ട്രോണിക് മാലിന്യങ്ങളുടെ സംസ്കരണം.
3. മാലിന്യങ്ങളിൽനിന്നും പ്രകൃതി വാതക ഉത്പാദനവും ബോട്ട് ലിംഗും
4. കക്കൂസ് മാലിന്യ സംസ്കരണ പ്ലാന്റ് സ്ഥാപിക്കൽ

(ഡി) സംസ്ഥാനത്തെ എല്ലാ കോർപ്പറേഷനുകൾക്കും മുനിസിപ്പാലിറ്റികൾക്കും സർക്കാർ, അർദ്ധ സർക്കാർ, സർക്കാരിതര സ്ഥാപനങ്ങൾക്കും കമ്പനിയുടെ സേവനം ഉപയോഗപ്പെടുത്താവുന്നതാണ്.

മൊബിലിറ്റി ഹബ്ബുകൾ

88 (2721) ശ്രീ. ജെയിംസ് മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ എല്ലാ ജില്ലാ തലസ്ഥാനങ്ങളിലും വൈറ്റില മാതൃകയിൽ മൊബിലിറ്റി ഹബ്ബുകൾ സ്ഥാപിക്കണമെന്ന പ്രഖ്യാപനം 2013-14-ലെ ബഡ്ജറ്റിൽ നടത്തിയിരുന്നുവോ ;

(ബി) ഏതെല്ലാം ജില്ലാ തലസ്ഥാനങ്ങളിൽ മൊബിലിറ്റി ഹബ്ബുകൾ സ്ഥാപിച്ചിട്ടുണ്ടെന്നറിയിക്കാമോ ?

ഉത്തരം

(എ) നടത്തിയിരുന്നു.

(ബി) എറണാകുളം ജില്ലയിലെ വൈറ്റിലയിൽ മൊബിലിറ്റി ഹബ്ബ് സ്ഥാപിച്ചിട്ടുണ്ട്. തൃശ്ശൂർ ജില്ലയിലെ പുഴയ്ക്കൽ പാടത്ത് മൊബിലിറ്റി ഹബ്ബ് സ്ഥാപിക്കുവാൻ തീരുമാനിക്കുകയും അതിലേക്കായി ഒരു സൊസൈറ്റി രൂപീകരിക്കുകയും ചെയ്തു. തൃശ്ശൂർ ജില്ലാ കളക്ടർ സൊസൈറ്റിയുടെ മാനേജിംഗ് ഡയറക്ടറും ചീഫ് സെക്രട്ടറി എക്സിക്യൂട്ടീവ് കമ്മിറ്റി ചെയർമാനുമാണ്. 'കിൻഫ്ര'യുടെ കൈവശമുള്ള 10 ഏക്കർ

LIBRARY ARCHIVES Kerala Legislative Assembly